പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1184 — 11.07.2011- ൽ മറുപടിയ്ക്ക്

## കറവ പശുവിതരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി: | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | സംസ്ഥാനത്ത് മൃഗാശുപത്രികൾ വഴി കറവപശു വിതരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കറവപശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>(1) <u>വിദർഭാ പദ്ധതി</u><br>ആത്മഹത്യ പ്രേരിത ജില്ലകളായ വയനാട്, കാസർഗോഡ്,പാലക്കാട് എന്നീ മൂന്ന് ജില്ലകളിലും ഒരു ജില്ലയ്ക്ക് 3000 കറവ പശുക്കൾ എന്ന കണക്കിൽ വിതരണം ചെയ്യുന്ന പദ്ധതി.<br>(2) <u>കുട്ടനാട് പാക്കേജ്</u><br>ഡോ.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ യഥാക്രമം 100, 500, 500 വീതം ആകെ 2000 കറവ പശുക്കളെ 3 കോടി രൂപ ചെലവഴിച്ച് വിതരണം ചെയ്തുവരുന്നു.<br>(3) <u>ഇടുക്കി പാക്കേജ്</u><br>ഇടുക്കി പാക്കേജിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 1000 കറവ പശുക്കളെ |

1.5 കോടി രൂപ ചെലവഴിച്ച് വിതരണം ചെയ്തുവരുന്നു. ഈ പദ്ധതി പ്രകാരം 5000 പശുക്കളെകൂടി വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം കറവ പശുക്കളുടെ വിതരണം ഉൾപ്പെടെയുള്ള 10 കോടി രൂപ വിനിയോഗിക്കുന്ന സംയോജിത കന്നുകാലി വികസന പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു

കഴിഞ്ഞ സാമ്പത്തിക വർഷം ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം കറവപശുക്കളെ വാങ്ങി വിവിധ ജില്ലകളിൽ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തിരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ കറവ പശുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) കറവപശുക്കളെ വാങ്ങുന്നത് ഗുണഭോക്താക്കളെടങ്ങുന്ന ഒരു പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ്. ഇതുകൂടാതെ ഒരു വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ അവയുടെ ആരോഗ്യ സ്ഥിതി ഉറപ്പുവരുത്തി അവ ഇൻഷ്വർ ചെയ്യുന്നതിന് ഹെൽത്ത് സർട്ടിഫിക്കറ്റ് നൽകി വരുന്നു. പശുക്കളെ വാങ്ങുന്നത് സംസ്ഥാനത്തിന് പുറത്തുനിന്നായിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.